## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1062 10.08.2017- ൽ മറുപടിക്ക്**

## തിരുവമ്പാടി മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ജോർജ് എം. തോമസ്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കഴിഞ്ഞ രണ്ടു ബഡ്ജറ്റുകളിലായി ഉൾപ്പെടുത്തിയ തിരുവമ്പാടി മണ്ഡലത്തിലെ ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാത, കൈതപ്പൊയിൽ - അഗസ്ത്യൻമൂഴി റോഡ്, മണാശ്ശേരി - പുൽപറമ്പ് - ചെറുവാടി റോഡ്, തിരുവമ്പാടി - പുല്ലൂരാംപാറ - മറിപ്പുഴ റോഡ്, അടിവാരം - കേളൻമൂല റോഡ് എന്നീ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; <br><br> (ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്നത്തേയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി, ഭരണാനുമതി ലഭ്യമാവും എന്ന് വ്യക്തമാക്കുമോ; ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (എ) യും (ബി) യും | കഴിഞ്ഞ രണ്ടു ബഡ്ജറ്റുകളിലായി ഉൾപ്പെടുത്തിയ തിരുവമ്പാടി മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. <br><br> (1) <u>ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി - തുരങ്കപാത</u> <br> പ്രസ്തുത പാതയ്ക്കായുള്ള പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തുകയും അലൈൻമെന്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കുന്നിനു മുകളിലൂടെ പാത നിർമ്മിക്കുന്നത് അപ്രായോഗികമായതിനാൽ ടണൽ നിർമ്മിക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ഒരു പ്രിലിമിനറി റിപ്പോർട്ട് പരിഗണനയിലുണ്ട്. <br><br> (2) <u>കൈതപ്പൊയിൽ - അഗസ്ത്യൻമൂഴി റോഡ്</u> <br> കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. <br><br> (3) <u>മണാശ്ശേരി - പുൽപ്പറമ്പ് - ചെറുവാടി റോഡ്</u> <br> കിഫ്ബി, 2017-18-ൽ ഉൾപ്പെടുത്തി തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതായിട്ടുണ്ട്. <br><br> (4) <u>തിരുവമ്പാടി - പുല്ലൂരാംപാറ – മറിപ്പുഴ റോഡ്</u> <br> ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം കോഴിക്കോട് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. <br><br> (5) <u>അടിവാരം - കേളൻമൂല റോഡ്</u> <br> ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ